## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3193 14/07/2015-ൽ മറുപടിക്ക്**

## ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ ജലവൈദ്യുത പദ്ധതികളിൽ നിന്നും പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) പീക്ക് സമയത്ത് പ്രതിദിനം ശരാശരി 1600 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. വിവിധ ജലവൈദ്യുത പദ്ധതികളിൽ നിന്നും 2014-15 വർഷത്തിൽ 7279.63 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ അണക്കെട്ടുകളിൽ എത്ര വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ജലം സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കാലയളവിൽ കഴിഞ്ഞ വർഷത്തെ സംഭരണവും ഉല്പാദനശേഷിയും വ്യക്തമാക്കാമോ? | (ബി) 8/07/2015-ലെ കണക്ക് പ്രകാരം 1686.72 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ജലമാണ് സംഭരണികളിൽ നിലവിലുള്ളത്. കഴിഞ്ഞ വർഷം ഇത് 653.52 ദശലക്ഷം യൂണിറ്റായിരുന്നു. |

**സെക്ഷൻ ഓഫീസർ**